# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2764 **20/06/2013- ൽ മറുപടിയ്ക്ക്**

**<u>പുതിയ താലൂക്ക് രൂപീകരിച്ചതിന്റെ മാനദണ്ഡം</u>**

| **ചോദ്യം**<br>ശ്രീ. പി.റ്റി.എ. റഹീം | | **ഉത്തരം**<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|---|
| (എ) കേരളത്തിൽ എത്ര പുതിയ താലൂക്കുകളാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 12 താലൂക്കുകൾ |
| (ബി) ഇക്കാര്യം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ഏതെങ്കിലും കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ;<br>(സി) ഇല്ലെങ്കിൽ എന്ത് അടിസ്ഥാനമാക്കിയാണ് പുതിയ താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചതെന്നറിയിക്കുമോ; | (ബി) & (സി) | താലൂക്ക് - വില്ലേജ് പുന:സംഘടന സംബന്ധിച്ച ഏതെങ്കിലും റിപ്പോർട്ട് പൂർണ്ണമായും അംഗീകരിച്ചു കൊണ്ടോ നിരാകരിച്ചു കൊണ്ടോ അല്ല ഇപ്പോൾ പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. നിയമസഭാ മണ്ഡലങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളും ഭരണപരമായ സൗകര്യങ്ങളും കൂടി കണക്കിലെടുത്താണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം എടുത്തിട്ടുള്ളത്. |
| (ഡി) പുതിയ താലൂക്കുകൾ രൂപീകരിച്ചു കൊണ്ടുള്ള കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - സംസ്ഥാനത്ത് പുതിയ 12 താലൂക്കുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എഫ്) വകുപ്പ്

സ.ഉ. (എം.എസ്) നം.227/13/റവന്യൂ തിരുവനന്തപുരം, തീയതി 28.05.2013

പരാമർശം : ലാന്റ് റവന്യൂ കമ്മീഷണറുടെ 06.05.2013 ലെ എൽ.ആർ.എച്ച്3/16742/2013-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ലാന്റ് റവന്യൂ കമ്മീഷണർ, പരാമർശത്തിലെ കത്ത് പ്രകാരം, സംസ്ഥാനത്ത് പുതുതായി താലൂക്കുകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ ലഭ്യമാക്കിയിരുന്നു. സർക്കാർ പ്രസ്തുത ശുപാർശ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് താഴെപ്പറയുന്ന 12 പുതിയ താലൂക്കുകൾ രൂപീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | ജില്ല |
|---|---|---|
| 1 | മഞ്ചേശ്വരം | കാസർഗോഡ് |
| 2 | വെള്ളരിക്കുണ്ട് | കാസർഗോഡ് |
| 3 | ഇരിട്ടി | കണ്ണൂർ |
| 4 | താമരശ്ശേരി | കോഴിക്കോട് |
| 5 | കൊണ്ടോട്ടി | മലപ്പുറം |
| 6 | പട്ടാമ്പി | പാലക്കാട് |
| 7 | ചാലക്കുടി | തൃശ്ശൂർ |
| 8 | ഇടുക്കി | ഇടുക്കി |
| 9 | കോന്നി | പത്തനംതിട്ട |
| 10 | കാട്ടാക്കട | തിരുവനന്തപുരം |
| 11 | വർക്കല | തിരുവനന്തപുരം |
| 12 | പുനലൂർ | കൊല്ലം |

കൂടാതെ നിലവിലുള്ള പത്തനാപുരം താലൂക്കിന്റെ ആസ്ഥാനം പുനലൂരിൽ നിന്നും പത്തനാപുരത്തേക്ക് മാറ്റിയും, പുതുതായി രൂപീകരിക്കുന്ന പുനലൂർ താലൂക്കിന്റെ ആസ്ഥാനം പുനലൂരായും നിശ്ചയിച്ചും ഉത്തരവാകുന്നു.

പുതുതായി രൂപീകരിക്കുന്ന താലൂക്കുകളിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകൾ, താലൂക്ക് ആസ്ഥാനം എന്നിവ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.ഒ.സൂരജ്**

റവന്യു സെക്രട്ടറി (ഇൻ ചാർജ്)

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ സർവ്വെ & ലാന്റ് റിക്കാർഡ്സ് തിരുവനന്തപുരം
ജില്ലാ കളക്ടർ (14 ജില്ലകൾ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം,കേരള
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം, കേരള
ധനകാര്യ വകുപ്പ് (46997/വ്യയം എ3/13/ധന, നമ്പർ ഫയൽ)
പൊതു ഭരണ (എസ്.സി) വകുപ്പ് (15.05.2013 -ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇനം നം.3574 പ്രകാരം)
റവന്യു വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ്
ബഹു.റവന്യൂവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യു സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Section Officer